**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 216** **12/03/2020-ലെ മറുപടി**

## ശുദ്ധജല വിതരണ പദ്ധതികളുടെ പൂർണ്ണ വിനിയോഗം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ .റോജി എം. ജോൺ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. വി.എസ്.ശിവകുമാർ | | ശ്രീ. കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| എ) | നിർമ്മാണം പൂർത്തിയായ വിവിധ ശുദ്ധജല വിതരണ പദ്ധതികളുടെ പൂർണ്ണ വിനിയോഗം ഉറപ്പാക്കുവാൻ സാധിക്കാത്ത സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | നിർമ്മാണം പൂർത്തിയായ ശുദ്ധീകരണശാലകളിലെ ശുദ്ധീകരിച്ച ജലം വിതരണ ശൃംഖലയുടെ അഭാവം കാരണം പൂർണ്ണമായി ഉപയോഗിക്കുവാൻ സാധിക്കാത്ത സ്ഥിതിവിശേഷമുണ്ട്. ആയതുകൊണ്ട് ഉത്പാദന ഘടകങ്ങൾപൂർത്തീകരിച്ചതും നിർമ്മാണത്തിലിരിക്കുന്നതുമായ 128 പദ്ധതികളുടെ വിതരണശൃംഖല വിപുലീകരിക്കുന്ന പ്രവൃത്തികൾക്കാണ് കേരള വാട്ടർ അതോറിറ്റി ഇപ്പോൾ പ്രാധാന്യം നൽകിയിരിക്കുന്നത്. പ്രളയാനന്തര പുനർനിർമ്മാണത്തോടനുബന്ധിച്ച് കേരള വാട്ടർ അതോറിറ്റി അഞ്ചു വർഷത്തേയ്ക്കുള്ള പ്രവൃത്തികൾക്കായി ഏകദേശം 25,832 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ മേൽപ്പറഞ്ഞ ഉത്പാദന ഘടകങ്ങൾ പൂർത്തിയായ 128 പദ്ധതികളുടെ വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾക്കായി ഏകദേശം 11,340 കോടി രൂപ ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കാവശ്യമായ ധനലഭ്യത ഉറപ്പാക്കി അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. ഈ പ്രവൃത്തികളുടെ വിശദമായ എഞ്ചിനീയറിങ് റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയുന്നതാണ്.<br>ജലനിധി 1, 2 ഘട്ടങ്ങളിലായി 227 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയ പദ്ധതിയിൽ ഇതുവരെ കമ്മീഷൻ ചെയ്ത 5879 സ്കീമുകളിലൂടെ 4,51,966 കുടുംബങ്ങൾക്ക് ജലവിതരണം നടത്തിവരുന്നു. മഴവെള്ള സംഭരണികളെ സംബന്ധിച്ചിടത്തോളം ഒരു ഗുണഭോക്തൃ കുടുംബത്തിന് 10,000 ലിറ്റർ സംഭരണ ശേഷിയുള്ള മഴവെള്ള സംഭരണ യൂണിറ്റുകളാണ് നിർമ്മിച്ചു നൽകിയിട്ടുള്ളത്. എന്നാൽ പൈപ്പ്ഡ് വാട്ടർ സപ്ലൈ പദ്ധതികളെ സംബന്ധിച്ചിടത്തോളം ആളോഹരി 70 lpcd എന്ന അളവിൽ ഒരു കുടുംബത്തിന് 350 lpcd കുടിവെള്ളം ഒരു ദിവസം |

| | | | |
|---|---|---|---|
| | | | നൽകാവുന്ന തരത്തിലാണ് പദ്ധതികൾ ഡിസൈൻ ചെയ്തിട്ടുള്ളത്. വേനലിലെ ജലലഭ്യത കുറവും വെള്ളത്തിന്റെ ഗുണനിലവാര പ്രശ്നങ്ങളും, ബൾക്ക് വാട്ടർ സപ്ലൈ പദ്ധതികളിൽ നിന്നും കരാർ പ്രകാരമുള്ള വെള്ളം ലഭിക്കാത്തതും കാരണം ചില സ്കീമുകളുടെ ശേഷി പൂർണ്ണ തോതിൽ ഉപയോഗിക്കാൻ കഴിയാതെ വന്നിട്ടുണ്ട്. |
| ബി) | സംസ്ഥാനം കനത്ത വേനലിലേക്ക് നീങ്ങുന്ന സാഹചര്യത്തിൽ ഇത്തരം പദ്ധതികളുടെ പൂർണ്ണ വിനിയോഗം ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; | ബി) | നിമ്മാണം പൂർത്തിയായ എല്ലാ ശുദ്ധജലവിതരണ പദ്ധതികളുടെയും പൂർണ വിനിയോഗം ഉറപ്പാക്കുവാൻ ഈ വേനൽക്കാലത്ത് സാധിക്കുന്നതല്ല. നിർമ്മാണം പൂർത്തിയാക്കിയതും എന്നാൽ വിതരണശൃംഖല സ്ഥാപിക്കാത്തതുമായ പദ്ധതികളുടെ ശുദ്ധീകരണ ശാലകളിൽ നിന്നും വേനൽക്കാലത്ത് ജലക്ഷാമം പരിഹരിക്കുന്നതിനായി ടാങ്കർ ലോറികൾ വഴി ജലവിതരണം സാദ്ധ്യമാക്കുന്നതിലേക്കായി വെന്റിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുക്കുന്നുണ്ട്. എന്നാൽ നിർമ്മാണം പൂർത്തിയായതും ജല വിതരണം ആരംഭിച്ചതുമായ പദ്ധതികളിൽ ജലലഭ്യത കുറവ് വരാൻ സാധ്യതയുള്ള പദ്ധതികളുടെ ഇൻ-ടേക്ക് പോയിന്റിനു സമീപം താൽക്കാലിക തടയണ നിർമ്മിച്ചും, ഉപ്പുവെള്ളം കയറാൻ സാധ്യതയുള്ള സ്രോതസ്സുകളിൽ അത് തടയുന്നതിന് താൽക്കാലിക തടയണകൾ നിർമ്മിച്ചും, നീർച്ചാലുകൾ നിർമ്മിച്ചും, സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്തി സാങ്കേതിക സാധ്യത പരിഗണിച്ചും പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ചും ജലം എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചും കൂടുതൽ പമ്പിങ് ആവശ്യമാണെങ്കിൽ കൂടുതൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചും. ജലശുദ്ധീകരണ ശാലകളുടെ സ്ഥാപിതശേഷി പരമാവധി ഉപയോഗപ്പെടുത്തുവാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നുണ്ട്.<br>സംസ്ഥാനം കടുത്ത വേനലിലേക്ക് നീങ്ങുന്ന സാഹചര്യത്തിൽ പദ്ധതികളുടെ പൂർണ്ണ വിനിയോഗം ജലലഭ്യത അനുസരിച്ച് ഉറപ്പാക്കുന്നതിന് വേണ്ടി സുസ്ഥിരത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന പ്ലാൻ ഫണ്ട് ഉപയോഗിച്ച് വിവിധ പ്രവൃത്തികൾക്ക് ജലനിധി അനുമതി നൽകിയിട്ടുണ്ട്. അതോടൊപ്പം തന്നെ താഴെപറയുന്ന നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>1. കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുവാനും, മലിനപ്പെടാതിരിക്കുവാനുമുള്ള മുൻകരുതലുകൾ സ്വീകരിക്കുക.<br>2. ജലനിധി ഉൾപ്പെടെയുള്ള കുടിവെള്ള |

| | | | |
|---|---|---|---|
| | | | പദ്ധതികളിലെയും മറ്റ് ജലസ്രോതസ്സുകളിലെയും ജലത്തിന്റെ ദുരുപയോഗം തടയുന്നതിനും, ജലത്തിന്റെ അമിതമായ ഉപയോഗം കുറക്കുന്നതിനുള്ള ആശയപ്രചരണം നടത്തുക.<br>3. കുടിവെള്ളത്തിന്റെ ഉപഭോഗം നിയന്ത്രിച്ചുകൊണ്ട് സ്രോതസ്സിലുള്ള ജലം കൂടുതൽ കാലത്തേക്ക് ഉപയോഗിക്കാവുന്ന വിധം വിതരണം ക്രമീകരിക്കുക.<br>4. കുടിവെള്ള പദ്ധതികളിൽ ഉണ്ടാകുന്ന കേടുപാടുകൾ സമയബന്ധിതമായി പരിഹരിച്ച് കുടിവെള്ളം പാഴാകുന്നത് തടയുക.<br>5. പദ്ധതികളിലെ പമ്പ്സെറ്റ്, അനുബന്ധ ഉപകരണങ്ങൾ എന്നിവയിലുണ്ടാകുന്ന കേടുപാടുകൾ യഥാസമയം പരിഹരിക്കുക Standby പമ്പ് സെറ്റുകൾ ഉള്ള പദ്ധതികളിൽ അവ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പ് വരുത്തുക.<br>6. നിലവിലുള്ള പദ്ധതികളിലെ ജല ലഭ്യത അനുസരിച്ച് വരൾച്ച ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗുണഭോക്താക്കളുടെ സഹകരണത്തോടെ കുടിവെള്ളം നൽകുക. |
| സി) | കേന്ദ്ര സർക്കാരിന്റെ ജലജീവൻ സമീക്ഷ പദ്ധതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കൂടുതൽ ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) | 2024-ഓടു കൂടി ഗ്രാമീണമേഖലയിലെ എല്ലാവർക്കും ഗാർഹിക കുടിവെള്ള കണക്ഷൻ വഴി കുടിവെള്ളം എത്തിക്കുക എന്ന ദൗത്യം സാധൂകരിക്കുന്നതിന്റെ ഭാഗമായി എല്ലാ വീടുകൾക്കും ഫങ്ഷണൽ ഹൗസ് ഹോൾഡ് ടാപ്പ് കണക്ഷൻ (FHTC) സ്ഥാപിച്ച് പ്രതിദിനം 55 ലിറ്റർ ആളോഹരി ഉപയോഗം കണക്കാക്കി ശുദ്ധജലം ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ജൽ ജീവൻ മിഷൻ പദ്ധതി. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ നിലവിലുള്ള ജലവിതരണ പദ്ധതികളുടെ വിതരണ ശൃംഖലകളിൽ നിന്ന് കണക്ഷനുകൾ നല്കുന്നതിനും, ജലവിതരണ പൈപ്പുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ പുതുതായി വിതരണ ശൃംഖല സ്ഥാപിച്ച് കണക്ഷനുകൾ നല്കുന്നതിനുമുള്ള പ്രവൃത്തികളുടെ പ്രൊപ്പോസലുകൾതയ്യാറാക്കി അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾനിലവിൽ സ്വീകരിച്ച് വരുന്നു. |

Renuka Sankar